**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 106** **22-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ചെത്തിഹാർബർ, മൊബിലിറ്റി ഹബ്ബ്, ജില്ലാകോടതി പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | ചെത്തി ഫിഷിംഗ് ഹാർബർ, ആലപ്പുഴ ജില്ല: ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയ്ക്ക് 13/02/2020-ൽ കിഫ്ബി 97.43 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഇതിനോടകം തന്നെ ടെണ്ടർ ചെയ്തു കഴിഞ്ഞു. ഹാർബർ നിർമ്മാണം 36 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശ്ശിക്കുന്നത്. ജില്ലാ കോടതി പാലം: ജില്ലാ കോടതി പാലത്തിന്റെ നിർമ്മാണത്തിനായി 120.52 കോടി രൂപയുടെ പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്: ആലപ്പുഴ മൊബിലിറ്റി ഹബ് നിർമ്മാണപ്രവർത്തനങ്ങൾ പ്രധാനമായും രണ്ടു ഘട്ടമായിട്ടാണ് നടത്തുന്നത്. ഒന്നാം ഘട്ടത്തിൽ താത്കാലിക ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിനോടനുബന്ധിച്ച ലാൻഡ് ഡെവലപ്മെൻറ് പ്രവർത്തികൾ പൂർത്തിയായിക്കഴിഞ്ഞു, കൂടാതെ ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. മൂന്നു മാസത്തിനുള്ളിൽ തന്നെ ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടത്തിൽ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. താത്കാലിക ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളോട്ടു കൂടി തന്നെ മൊബിലിറ്റി ഹബ്ബിന്റെ പൈലിങ് പ്രവൃത്തികളുടെ ജോലിയും കരാറുകാരനെ ഏല്പിച്ചിട്ടുണ്ട്. പൈലിങ് പ്രവൃത്തികൾ അധികം വൈകാതെ തന്നെ ആരംഭിക്കുമെന്ന് എസ്.പി.വി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ